# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6209 10.07.12-ലെ മറുപടിയ്ക്ക്

### പഞ്ചായത്തുകളിൽ കലാഗ്രാമങ്ങൾ സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജോസഫ് വാഴക്കൻ:<br>ശ്രീ.ബെന്നി ബെഹനാൻ:<br>ശ്രീ.അൻവർ സാദത്ത്:<br>ശ്രീ.കെ.ശിവദാസൻ നായർ: | | ഡോ.എം.കെ.മുനീർ<br>(ബഹു:പഞ്ചായത്തുംസാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പഞ്ചായത്തുകളിൽ കലാഗ്രാമങ്ങൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (എ) | സാംസ്ക്കാരിക കാര്യ വകുപ്പിന് കീഴിലുള്ള കണ്ണൂരിലെ ഫോക് ലോർ അക്കാദമിക്ക് ചില പഞ്ചായത്തുകളിൽ കലാഗ്രാമങ്ങൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതികളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) & (സി) | നാട്ടു സംസ്കൃതിയുടെ അന്തസത്ത ചോർന്നു പോകാതെ ഗ്രാമീണ സംസ്കാരം സംരക്ഷിക്കുന്നതിന് വേണ്ടിയാണ് കേരള ഫോക് ലോർ അക്കാദമി വിവിധ പഞ്ചായത്തുകളിൽ കലാഗ്രാമങ്ങൾ സ്ഥാപിക്കുന്നത്. നർത്തകരത്നം കൊടക്കാട് കണ്ണപ്പെരുവണ്ണാന്റെ സ്മരണയ്ക്കായി ഒരു തെയ്യം ഗ്രാമം കാസർഗോഡ് ജില്ലയിലെ പിലിക്കോട് പഞ്ചായത്തിലെ കൊടക്കാട് സ്ഥാപിക്കുന്നതിനും, മൺപാത്ര നിർമ്മാണം, നാട്ടുഭക്ഷ്യ വിപണനവേദി, നാടൻ കലകളുടെ സ്ഥിരം പ്രദർശന കേന്ദ്രം |

എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമ പഞ്ചായത്തിൽ കണ്ണപുരം നാടൻ കലാഗ്രാമം സ്ഥാപിക്കുന്നതിനും, ആദിവാസികളുടെയും മറ്റു പിന്നോക്ക വിഭാഗങ്ങളുടേയും സംസ്കൃതിയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി യശ്ശശരീരനായ പി.കെ.കാളന്റെ സ്മരണയ്ക്കായി വയനാട് ജില്ലയിലെ തൃശ്ശിലേരി പഞ്ചായത്തിൽ ഗദ്ദിക പഠനകേന്ദ്രം സ്ഥാപിക്കുന്നതിനും വേണ്ടിയുളള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

വാദ്യോപകരണങ്ങളുടേയും ക്ഷേത്രകലകളുടേയും ഒരു പഠന ഗവേഷണ കേന്ദ്രം പാലക്കാട് സ്ഥാപിക്കുന്നതിനു വേണ്ടി 25 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പഠനഗവേഷണ കേന്ദ്രത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

തിരുവിതാംകൂർ മേഖലയിലുളള നാടൻകലാരൂപങ്ങളുടെ സ്ഥിരം പ്രദർശനവും പഠനഗവേഷണ കേന്ദ്രവുമാണ് തിരുവിതാംകൂർ ഫോക് ലോർ വില്ലേജിന്റെ പ്രവർത്തനവുമായി ഫോക് ലോർ അക്കാദമി ഉദ്ദേശിക്കുന്നത്. കോട്ടയം മണിമലയാറിന്റെ തീരത്ത് വെളളാവൂരിൽ സ്ഥാപിക്കുന്ന വില്ലേജിന് 1.5 ഏക്കർ സ്ഥലം വെളളാവൂർ ഗ്രാമപഞ്ചായത്ത് ഫോക് ലോർ അക്കാദമിയ്ക്ക് നൽകിയതിൽ, ഫോക് വില്ലേജ് സ്ഥാപിക്കുന്നതിനാവശ്യമായ പ്രാരംഭ

പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫോക് വില്ലേജ് രൂപകല്പന ചെയ്യുന്നതിന് ആർക്കിടെക്ടിനെ ചുമതലപ്പെടുത്തുകയും പ്രാരംഭ പ്രവർത്തനങ്ങൾക്കായി അഞ്ച് ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ആദ്യഘട്ടത്തിൽ എത്ര പഞ്ചായത്തുകളിലാണ് ഇത് സ്ഥാപിക്കുന്നതെന്നുംഇതിനായി എന്തെല്ലാം നടപടികൾസ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

സെക്ഷൻ ഓഫീസർ